**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 24** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>കേരള പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പ്രഭാകരൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** 25.05.2026 ന് കാലാവധി പൂർത്തിയായ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തീരുമാനിച്ചിട്ടുണ്ട്.

പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന സാഹചര്യം പരിഗണിച്ച് 20.05.2026 മുതൽ നിലവിലുള്ളതും 31.08.2026 നകം കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി 2026 നവംബർ 30 വരെ ദീർഘിപ്പിക്കുവാൻ 20.05.2026 ലെ മന്ത്രിസഭാ യോഗതീരുമാന പ്രകാരം പി.എസ്.സിയെ അറിയിച്ചിരുന്നു. പ്രസ്തുത ശിപാർശ കേരള പബ്ലിക് സർവീസ് കമ്മീഷൻ പരിശോധിക്കുകയുണ്ടായി. തുടർന്ന് 25.05.2026 തീയതിയിൽ നിലവിലുള്ളതും 31.08.2026 തീയതി വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ റാങ്ക് പട്ടികകളുടെ കാലാവധി, കെ.പി.എസ്.സി റൂൾസ് ഓഫ് പ്രൊസീജ്യർ റൂൾ 13-ലെ അഞ്ചാം പ്രൊവിസൊ പ്രകാരം ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി 30.11.2026 തീയതി വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

1. ഈ കാലയളവിൽ ഏതെങ്കിലും റാങ്ക് പട്ടിക, അതിന്റെ പരമാവധി കാലാവധിയായ നാലര വർഷം പൂർത്തിയാക്കുന്ന പക്ഷം, പ്രസ്തുത പട്ടികയുടെ പ്രാബല്യം നാലര വർഷത്തെ കാലാവധി പൂർത്തിയാക്കുന്ന തീയതിയിൽ അവസാനിക്കുന്നതായിരിക്കും.

2. 01-09-2026 തീയതി മുതൽ കാലാവധി അവസാനിക്കുന്ന റാങ്ക് പട്ടികകൾക്ക് മേൽപ്പറഞ്ഞ കാലാവധി ദീർഘിപ്പിക്കൽ ബാധകമല്ല.

**(ബി)** ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയത് എന്തായിരുന്നുവെന്നും പ്രസ്തുത തീയതി മുതൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്നതിന്റെ ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**